**DR –VIII- EXAM**

# <u>പത്രക്കുറിപ്പ്</u>

## <u>കനിവ് 2018</u>

പ്രളയത്തിൽ നഷ്ടപ്പെട്ട സർവ്വകലാശാലാ വിദ്യാഭ്യാസ രേഖകൾ ലഭ്യമാക്കാൻ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ അദാലത്ത് സെപ്റ്റംബർ 25ന്.

മഹാപ്രളയത്തിൽ നഷ്ടപ്പെട്ട സർവ്വകലാശാലാ വിദ്യാഭ്യാസ രേഖകൾ ലഭ്യമാക്കാൻ മഹാത്മാ ഗാന്ധി സർവ്വകലാശാല 2018 സെപ്റ്റംബർ 25ന് 'കനിവ് 2018' എന്ന പേരിൽ അദാലത്ത് സംഘടിപ്പിക്കുന്നു. സർവ്വകലാശാല വെബ് പോർട്ടലിൽ സെപ്റ്റംബർ 19 വരെ അപേക്ഷ സമർപ്പിച്ചവർക്ക് സർവ്വകലാശാലാ അസംബ്ലി ഹാളിൽ രാവിലെ 10 മണി മുതൽ വൈസ് ചാൻസലറുടെയും, സിൻഡിക്കേറ്റ് മെമ്പർമാരുടെയും നേതൃത്വത്തിൽ നടക്കുന്ന അദാലത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതാണ്. അപേക്ഷകർ ഏതെങ്കിലും തിരിച്ചറിയൽ കാർഡുകളുമായി എത്തി രേഖകൾ കൈപ്പറ്റേണ്ടതാണ്. ഇതുവരെ പ്രാദേശിക വില്ലേജ് ആഫീസർ അല്ലെങ്കിൽ മറ്റു റവന്യൂ അധികാരികളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കാത്തവർ അദാലത്തിൽ ആയവ എത്തിക്കേണ്ടതാണ്. സെപ്റ്റംബർ 19ന് ശേഷമുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതാണ്. വിവരങ്ങൾക്ക് 0481 - 2731560, 9746447278 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഡെപ്യൂട്ടി രജിസ്ട്രാർ VIII (പരീക്ഷ),

പരീക്ഷാ കൺട്രോളർക്ക് വേണ്ടി.